**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 13** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നവീൻ ബാബുവിന്റെ ആത്മഹത്യ - സി.ബി.ഐ. അന്വേഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ ആത്മഹത്യ സി.ബി.ഐ. അന്വേഷിക്കണമെന്ന കുടുംബത്തിന്റെ ആവശ്യം ബഹു. സുപ്രീകോടതി തള്ളിയിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് സി.ബി.ഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. മഞ്ജുഷ കെ SLP (Crl.) No. 5548/2025 പ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിരുന്നതും പ്രസ്തുത ഹർജിയിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 17.04.2025-ന് ഉത്തരവ് പുറപ്പെടുവിപ്പിച്ച് ഹർജി തള്ളിയിട്ടുള്ളതുമാണ്.

**(ബി)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയം സി.ബി.ഐ. അന്വേഷിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഫയലിന്റെയും ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ശിപാർശ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**